# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:22.04.2025**

## പ്രധാനവാർത്തകൾ

1) രണ്ടു ദിവസത്തെ സന്ദർശനത്തിനായി സൗദി അറേബ്യയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ജിദ്ദയിൽ ഊഷ്മള വരവേൽപ്പ്.

2) മുതലപ്പൊഴി മേഖലയിൽ സംഘർഷമുണ്ടാക്കുന്നതിന് ആസൂത്രിത ശ്രമം നടക്കുന്നതായി ആരോപിച്ച് മന്ത്രിമാരായ വി ശിവൻകുട്ടിയും ജി ആർ അനിലും.

3) കോട്ടയം തിരുവാതുക്കൽ ഇരട്ടക്കൊലപാതകത്തിൽ പ്രതിയെക്കുറിച്ച് കൃത്യമായ സൂചനകൾ ലഭിച്ചതായി പോലീസ്. തലയ്ക്കേറ്റ ക്ഷതമാണ് മരണകാരണമെന്ന് പോസ്റ്റ്-മോർട്ടം റിപ്പോർട്ട്.

4) 2024 ലെ സിവിൽ സർവീസ് പരീക്ഷാ ഫലം പ്രഖ്യാപിച്ചു. യു പി സ്വദേശി ശക്തി ദുബെക്ക് ഒന്നാം റാങ്ക്.

5) ഫ്രാൻസിസ് മാർപാപ്പയ്ക്ക് അന്ത്യാദരം അർപ്പിച്ച് ലോകം. സംസ്കാര ചടങ്ങുകൾ ശനിയാഴ്ച നടക്കും.

6) ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് - ഡൽഹി ക്യാപിറ്റൽസിനെ നേരിടും

**************

PIU TVPM

## പ്രധാനമന്ത്രി - ജിദ്ദ

രണ്ടു ദിവസത്തെ സന്ദർശനത്തിനായി സൗദി അറേബ്യയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ജിദ്ദയിൽ ഊഷ്മള വരവേൽപ്പ്. ഇന്ത്യ- സൗദി ബന്ധം ശക്തിപ്പെടുത്താൻ സന്ദർശനത്തിലൂടെ സാധിക്കുമെന്ന് പ്രധാനമന്ത്രി പ്രത്യാശ പങ്കുവച്ചു. സൗദി കിരീടാവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാൻറെ ക്ഷണപ്രകാരമാണ് സന്ദർശനം. നിറഞ്ഞ ആവേശത്തോടെ നിരവധി ഇന്ത്യൻ പ്രവാസികളും പ്രധാനമന്ത്രിയെ വരവേൽക്കാൻ എത്തിയിരുന്നു. ഇന്നും നാളെയുമായി വിവിധ പരിപാടികളിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഇരു രാജ്യങ്ങൾക്കുമിടയിലെ നയതന്ത്ര പങ്കാളിത്തം ശക്തിപ്പെടുത്തുകയാണ് സന്ദർശനത്തിലൂടെ ലക്ഷ്യമിടുന്നത്.

**************

## കേരളം - സുപ്രീം കോടതി

സംസ്ഥാന നിയമസഭ പാസാക്കുന്ന ബില്ലുകൾ അംഗീകരിക്കുന്നതിൽ ഗവർണർ കാലതാമസം വരുത്തുന്നത് സംബന്ധിച്ച കേരളത്തിൻറെ ഹർജി സുപ്രീംകോടതി അടുത്തമാസം ആറിന് പരിഗണിക്കും. ജസ്റ്റിസുമാരായ പി എസ് നരസിംഹ, ജയ്മാല്യ ബാഗ്ചി എന്നിവരുടെ ബെഞ്ചാണ് ഇന്ന് വാദം കേട്ടത്. തമിഴ്നാട് സർക്കാരിൻറെ ഹർജിയിൽ, ബില്ലുകൾ അംഗീകരിക്കുന്നതിന് ഗവർണർക്ക് സമയപരിധി നിശ്ചയിച്ച സുപ്രീംകോടതി ഉത്തരവ് കേരളത്തിനും ബാധകമാണെന്ന് സംസ്ഥാനത്തിന് വേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ കെ കെ വേണുഗോപാൽ വാദിച്ചു. ഇക്കാര്യം മെയ് ആറിന് പരിശോധിക്കാമെന്ന് കോടതി വ്യക്തമാക്കി. എന്നാൽ തമിഴ്നാടിൻറെയും, കേരളത്തിൻറെയും ഹർജികൾ

RNUTVPM

വ്യത്യസ്തമാണെന്നും, നിലവിലെ വിധി കേരളത്തിന് ബാധകമല്ലെന്നുമാണ് കേന്ദ്രത്തിൻറെ വാദം.

**************

## മുതലപ്പൊഴി

മുതലപ്പൊഴി വിഷയത്തിൽ ഒരു വിഭാഗം മുതലെടുപ്പിന് ശ്രമിക്കുന്നതായി മന്ത്രിമാരായ വി. ശിവൻകുട്ടിയും ജി. ആർ. അനിലും. മേഖലയിൽ സംഘർഷമുണ്ടാക്കുന്നതിന് ആസൂത്രിത ശ്രമം നടക്കുന്നതായും മന്ത്രിമാർ തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ ആരോപിച്ചു. മണൽ നീക്കാനുള്ള തീരുമാനം ഉണ്ടായത് മന്ത്രിമാരുടെ യോഗത്തിലാണ്. മണലടിഞ്ഞ് മത്സ്യബന്ധനത്തിന് തടസമുണ്ടാകുന്ന സാഹചര്യം ഇല്ലാതാകണമെന്നും ഇരുവരും പറഞ്ഞു. കണ്ണൂരിൽ നിന്നുള്ള ഡ്രഡ്ജറും, കൂടുതൽ എക്സ്കവേറ്ററുകളും ഉടൻ എത്തിക്കും. മണൽ നീക്കാതിരുന്നാൽ 5 പഞ്ചായത്തുകളിൽ വെള്ളപ്പൊക്ക ഭീഷണിയുണ്ടാകും. തുറമുഖ വികസന പദ്ധതി മുന്നോട്ട് കൊണ്ട് പോകുന്നതിനും മണൽ നീക്കം അനിവാര്യമാണെന്ന് മന്ത്രിമാർ അറിയിച്ചു.

RNU TVPM

**************

## ആർ ബിന്ദു- ബിരുദ പ്രോഗ്രാം

നാലു വർഷ ബിരുദ പ്രോഗ്രാമിൻറെ ആദ്യ വർഷം പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് മേജർ വിഷയം മാറ്റാനും, കോളേജ് മാറ്റത്തിനും അന്തർ സർവ്വകലാശാല മാറ്റത്തിനും ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ അംഗീകരിച്ചതായി മന്ത്രി ആർ ബിന്ദു . കോളേജ് വിദ്യാഭ്യാസ വകുപ്പിൻറെ ആഭിമുഖ്യത്തിൽ സർവ്വകലാശാല പ്രതിനിധികളുമായി ചേർന്ന യോഗത്തിലാണ് തീരുമാനം. മേജർ മാറ്റത്തിനായി അടുത്ത അക്കാദമിക് വർഷത്തിന്റെ ആദ്യ പ്രവൃത്തി ദിനം ഓരോ വിഷയങ്ങളിലുമുള്ള ഒഴിവുകൾ കോളേജുകൾ പ്രസിദ്ധീകരിക്കും. ആദ്യ രണ്ട് സെമസ്റ്ററുകളിൽ മുഴുവൻ

കോഴ്സുകളും വിജയിച്ച വിദ്യാർത്ഥികൾക്ക് അന്തർ സർവ്വകലാശാലാ മാറ്റത്തിന് അപേക്ഷിക്കാൻ സാധിക്കുമെന്നും  മന്ത്രി തിരുവനന്തപുരത്ത് വർത്താസമ്മേളനത്തിൽ പറഞ്ഞു.

**************

## കോട്ടയം (ഇൻട്രോ)

കോട്ടയം തിരുവാതുക്കൽ ഇരട്ടക്കൊലപാതകത്തിൽ, പ്രതിയെ ഉടൻ പിടികൂടാൻ സാധിക്കുമെന്ന് ജില്ലാ പോലീസ് മേധാവി  ഷാഹുൽ ഹമീദ്. വ്യക്തമായ സൂചന ലഭിച്ചിട്ടുണ്ടെന്നും ശാസ്ത്രീയ പരിശോധനകൾ നടന്നുവരുന്നതായും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്.......)

കോട്ടയം ഇന്ദ്രപ്രസ്ഥം ഓഡിറ്റോറിയം ഉടമ വിജയകുമാറിനെയും ഭാര്യ മീരയേയുമാണ്  വീടിനുള്ളിൽ കൊല്ലപ്പെട്ട നിലയിൽ കണ്ടെത്തിയത്.  തലക്കേറ്റ ക്ഷതമാണ് മരണകാരണമെന്ന് പ്രാഥമിക പോസ്റ്റ്-മോർട്ടം റിപ്പോർട്ടിൽ വ്യക്തമാക്കുന്നു. മൂർച്ചയേറിയ ആയുധമുപയോഗിച്ച് ഇരുവരെയും പരിക്കേൽപ്പിച്ചെന്നും റിപ്പോർട്ടിലുണ്ട്.

RNUTVPM

**************

## യുപിഎസ്സി -ഫലം

2024 ലെ സിവിൽ സർവീസ് പരീക്ഷ ഫലം യുപിഎസ്സി പ്രഖ്യാപിച്ചു. യു  പി സ്വദേശി ശക്തി ദുബെക്കാണ് ഒന്നാം റാങ്ക്. ഹർഷിത  ഗോയൽ  രണ്ടാം റാങ്കും , ഡി എ പരാഗ് മൂന്നാം റാങ്കും നേടി. ആകെ 1,009 പേരുടെ റാങ്ക് പട്ടികയാണ് പ്രസിദ്ധീകരിച്ചത്. നിരവധി മലയാളികളും പട്ടികയിൽ ഇടം നേടിയിട്ടുണ്ട്. ആദ്യ  50 റാങ്കിൽ  അഞ്ചോളം പേർ മലയാളികളാണ്
.

**************

## ഫ്രാൻസിസ് മാർപ്പാപ്പ

ഫ്രാൻസിസ് മാർപ്പാപ്പയുടെ സംസ്കാര ചടങ്ങുകൾ ശനിയാഴ്ച നടക്കുമെന്ന് വത്തിക്കാൻ അറിയിച്ചു. അദ്ദേഹത്തിൻറെ ആഗ്രഹ പ്രകാരം റോമിലെ സെൻററ് മേരി മേജർ ബസലിക്കയിൽ ലളിതമായ ചടങ്ങുകളോടെയാവും അന്ത്യവിശ്രമം. ലോക നേതാക്കളും, വിദേശ പ്രതിനിധികളും ചടങ്ങിൽ പങ്കെടുക്കും. പൊതുദർശനത്തിനായി സെൻററ് പീറ്റേഴ്സ് ബസിലിക്കയിൽ നാളെ ഭൗതിക ശരീരം എത്തിക്കും. നവീകരണ ആശയങ്ങളുടെയും, മനുഷ്യാവകാശങ്ങളുടെയും വക്താവായി നിലകൊണ്ട ഫ്രാൻസിസ് മാർപ്പാപ്പ വത്തിക്കാനിലെ വസതിയിൽ ഇന്നലെ രാവിലെയാണ് കാലം ചെയ്തത്. പോപ്പിൻറെ സാൻറാ മാർത്താ വസതിയിലെ ചാപ്പലിലാണ് ഇപ്പോൾ ഭൗതിക ശരീരം സൂക്ഷിച്ചിരിക്കുന്നത്.

RNUTVPM

**************

## തെരഞ്ഞെടുപ്പ് കമ്മീഷൻ

ഇന്ത്യയിലെ തിരഞ്ഞെടുപ്പുകൾ നിയമപ്രകാരമാണ് നടക്കുന്നതെന്നും അവയുടെ വ്യാപ്തിയും കൃത്യതയും ലോകമെമ്പാടും പ്രശംസിക്കപ്പെടുന്നതാണെന്നും തിരഞ്ഞെടുപ്പ് കമ്മീഷൻ. തെരഞ്ഞെടുപ്പുകളെ സംബന്ധിച്ച് തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നത് നിയമത്തോടുള്ള അനാദരവാണെന്നും കമ്മീഷൻ പറഞ്ഞു. മഹാരാഷ്ട്ര തെരഞ്ഞെടുപ്പിൽ വോട്ടർ പട്ടികയിൽ ക്രമക്കേടുകൾ ആരോപിച്ച് ചില രാഷ്ട്രീയ പാർട്ടികൾ ഉന്നയിച്ച ആരോപണങ്ങൾ വസ്തുതകളുടെ പിൻബലത്തോടെ തിരഞ്ഞെടുപ്പ് കമ്മീഷൻ നിഷേധിച്ചു.

**************

## വീണാ ജോർജ്

സംസ്ഥാനത്തെ 752 ആരോഗ്യ സ്ഥാപനങ്ങളിൽ ഇ ഹെൽത്ത് സംവിധാനം സജ്ജമായതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. 33 ജില്ലാ/ ജനറൽ ആശുപത്രികളിലും, 88 താലൂക്ക് ആശുപത്രികളിലും ഉൾപ്പെടെയാണിത്.

**************

## രാജീവ് ചന്ദ്രശേഖർ

ജാതി മത പരിഗണനകൾക്കപ്പുറം എല്ലാ വിഭാഗം ജനങ്ങൾക്കും വേണ്ടി പ്രവർത്തിക്കുന്ന പാർട്ടിയാണ് ബിജെപി എന്ന് പാർട്ടി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. മലപ്പുറം വെസ്റ്റ് ജില്ലാ വികസിത കേരളം കൺവൻഷനിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. വരാൻ പോകുന്ന തദ്ദേശ തെരഞ്ഞെടുപ്പ് ബിജെപിക്ക് ഏറെ നിർണായകമാണെന്നും ശ്രീ രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

PRUTVPM

**************

## ഫെഫ്ക

ലഹരി ഉപയോഗവും ഇടപാടുമായി ബന്ധപ്പെട്ട് അറസ്റ്റിലായി ജാമ്യത്തിലിറങ്ങിയ ഷൈൻ ടോം ചാക്കോയ്ക്ക് തിരുത്താൻ ഒരു അവസരം കൂടി നൽകാമെന്ന് സിനിമാ സംഘടനയായ ഫെഫ്ക. ഇത് ഷൈനിന് നൽകുന്ന അവസാന അവസരമാണെന്നും സംഘടനയുടെ ജനറൽ സെക്രട്ടറി ബി ഉണ്ണികൃഷ്ണൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. സിനിമാ ലൊക്കേഷനുകളിൽ എക്സൈസോ പൊലീസോ ലഹരി പരിശോധന നടത്തുന്നതിൽ എതിർപ്പില്ലെന്നും ഫെഫ്ക വ്യക്തമാക്കി.

**************

## ഇടുക്കി (ഇൻട്രോ)

മധ്യവേനൽ അവധിയാരംഭിച്ചതോടെ ഹൈറേഞ്ചിലെ ബോട്ടിംഗ് സെന്ററുകൾ സജീവമാകുന്നു.ബോട്ടിംഗ് ആസ്വദിക്കാൻ നിരവധി സഞ്ചാരികളാണ് ഇടുക്കി ചെങ്കുളത്തടക്കം എത്തുന്നത്. ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്

(ഹോൾഡ് വോയ്സ്.......)

**************

<u>**സിയാൽ**</u>

ഹരിതോർജ ഉത്പാദന മേഖലയിലെ പരീക്ഷണങ്ങൾക്ക് സിയാലിന് അന്താരാഷ്ട്ര അംഗീകാരം. പയ്യന്നൂർ സൗരോർജ പദ്ധതിയിൽ പരീക്ഷിച്ച സാങ്കേതിക സംവിധാനത്തിനാണ് സിയാലിന് എയർപോർട്ട് കൗൺസിൽ ഇന്റർനാഷണലിന്റെ അംഗീകാരം ലഭിച്ചത്.

**************

<u>അഖില കേരള വായനോത്സവം(ഇൻട്രോ)</u>

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സംഘടിപ്പിക്കുന്ന അഖില കേരള വായനോത്സവം കണ്ണൂരിൽ.സ്വതന്ത്ര വായനയും സർഗ്ഗാത്മകവും ജീവിത ഗന്ധിയുമായ തലങ്ങളെ സ്പർശിച്ചുകൊണ്ടാണ് വായനോത്സവം നടക്കുന്നത്. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

(വോയ്സ്)

RNU TVPM

**************

<u>സംസ്ഥാന ഭക്ഷ്യ കമ്മീഷൻ</u>

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമത്തിൻറെ കാര്യക്ഷമമായ നടത്തിപ്പ് വിലയിരുത്തുന്നതിനായി സംസ്ഥാന ഭക്ഷ്യ കമ്മീഷൻ നാളെ മുതൽ കണ്ണൂർ ജില്ലയിലെ വിവിധ ഗോത്രമേഖലകളിൽ സന്ദർശനം നടത്തും. കമ്മീഷൻ ചെയർപേഴ്സൺ ഡോ.ജിനു സക്കറിയ ഉമ്മന്റെ നേതൃത്വത്തിലുള്ള സംഘമാണ് ആറളം ഫാം, പന്നിയോട് ഗോത്രവർഗ മേഖല ഉൾപ്പെടെയുള്ള പ്രദേശങ്ങൾ സന്ദർശിക്കുക.

**************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് - ഡൽഹി ക്യാപിറ്റൽസിനെ നേരിടും. രാത്രി 7:30 ന് ലഖ്നൗവിലാണ് മത്സരം.

**************

## ഓഹരി - സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം.

സെൻസെക്സ് 187 പോയിൻറ് നേട്ടത്തിൽ 79,596 ലും,

നിഫ്റ്റി 42 പോയിൻറ് നേട്ടത്തിൽ 24,167 ലും വ്യാപാരം അവസാനിപ്പിച്ചു.

സ്വർണ്ണവിലയിൽ ഇന്നും കുതിപ്പ്. ഗ്രാമിന് 275 രൂപ കൂടി 9,290 രൂപയും പവന് 2,200 രൂപ കൂടി 74,320 രൂപയുമാണ് ഇന്നത്തെ വില.

**************

## കാലാവസ്ഥ

സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കോഴിക്കോട്, പാലക്കാട്, കണ്ണൂർ ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും; തൃശ്ശൂർ, മലപ്പുറം, കാസറഗോഡ് ജില്ലകളിൽ 36 വരെയും ഉയരാൻ സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്. ഉഷ്ണതരംഗ സാഹചര്യത്തിൽ തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര തൊഴിൽ മന്ത്രാലയം സംസ്ഥാനങ്ങൾക്ക് കത്തയച്ചു. കള്ളക്കടൽ പ്രതിഭാസത്തിൻറെ ഭാഗമായി കേരള തീരത്ത് ഇന്ന് രാത്രി 11.30 വരെ ഉയർന്ന തിരമാലകൾക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്നും കാലാവസ്ഥാ മുന്നറിയിപ്പുണ്ട്.

**************

RNU TVPM

## മുങ്ങി-മരണം

തൃപ്പൂണിത്തുറ ആംഡ് റിസർവ് പോലീസ് ക്യാമ്പിന് സമീപമുള്ള കുളത്തിൽ വിദ്യാർത്ഥി മുങ്ങി മരിച്ചു. ഇരുമ്പനം ലേക്ക് മൗണ്ട് പബ്ലിക് സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥി ആകാശാണ് മുങ്ങി മരിച്ചത്.

**************

**********

***

RNU TVPM